പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 639 11/06/2013-ൽ മറുപടി നൽകേണ്ടത്

## വഖഫ് സ്വത്തുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ . മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) വഖഫ് സ്വത്തുക്കളുടെ സംരക്ഷണത്തിനും പരിപാലനത്തിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) വഖഫ് സ്വത്തുക്കളിന്മേലുള്ള കയ്യേറ്റം അവയുടെ ദുരുപയോഗം എന്നിവ തടയുന്നതിന് വഖഫ് വസ്തുവകകളുടെ പരിപാലനം, കൈകാര്യം ചെയ്യൽ മേൽനോട്ടം എന്നിവ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരളാ സംസ്ഥാന വഖഫ് ബോർഡിന്റെ ഡിവിഷണൽ ഓഫീസുകൾ കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം എന്നിവിടങ്ങളിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കോട്ടയത്തും ഒരു ഡിവിഷണൽ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഡിവിഷണൽ ഓഫീസുകൾ തുടങ്ങുന്നതുവഴി കൂടുതൽ വഖഫുകൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് അവയുടെ പരിപാലനവും പ്രവർത്തനവും വിലയിരുത്തുവാനും നടപടികൾ നിർദ്ദേശിക്കുവാനും സാധിക്കും. |
| (ബി) വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേഷൻ ഗ്രാന്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള സർക്കാർ ധനസഹായം എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. കേരള സ്റ്റേറ്റ് വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റിനത്തിൽ 2012-13 ലെ ബജറ്റിൽ 63,25,000/-രൂപ വകയിരുത്തുകയും 1,00,25,000/- രൂപ അനുവദിച്ച് നൽകുകയും ചെയ്തു. 2013-14 വർഷത്തെ ബജറ്റിൽ 69,58,000/-വകയിരുത്തിയിട്ടുണ്ട്.<br><br>വഖഫ് ബോർഡ് സാമൂഹ്യ ക്ഷേമ പദ്ധതിയിൽ 2012-13 വർഷം 1,00,00,000/-രൂപ ബജറ്റിൽ വകയിരുത്തുകയും 1,10,000,00/രൂപ അനുവദിച്ച് നൽകുകയും ചെയ്തു. 2013-2014 വർഷത്തെ ബജറ്റിൽ 1,10,000,00/- (ഒരു കോടി പത്തു ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ട്. |

(സി) സൗദി അറേബ്യയിലുള്ള "കേയിറുബാത്ത്"ന്റെ വഖഫ് സ്വത്തുക്കളുടെ പണം വീണ്ടെടുക്കുന്നതിന് എന്തെങ്കിലും ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) വിശുദ്ധ മക്കയിൽ ഹജ്ജ് - ഉംറ തീർത്ഥാടനത്തിനായി എത്തുന്ന മലയാളി തീർത്ഥാടകരുടെ താമസ സൗകര്യാർത്ഥം പത്തൊൻപതാം നൂറ്റാണ്ടിൽ സ്ഥാപിതമായ കേയിറുബാത്തിന്റെ ഭൂമിയും കെട്ടിടവും മക്കയിലെ ഹറം വികസനത്തിന്റെ ഭാഗമായി സൗദി അറേബ്യയിലെ സർക്കാർ ഏറ്റെടുക്കുകയുണ്ടായി. ഇതിന്റെ ഭാഗമായ നഷ്ട പരിഹാരത്തുക സൗദി സർക്കാരിൽ നിന്നും വീണ്ടെടുത്ത് കേയിറുബാത്ത് മക്കയിൽ തന്നെ പുനഃസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുനരാരംഭിച്ചിട്ടുണ്ട്. കേന്ദ്ര വിദേശ കാര്യ വകുപ്പ് സൗദിയിലെ ഇന്ത്യൻ നയതന്ത്രകാര്യാലയം എന്നിവയുമായി കത്തിടപാടുകൾ നടത്തി, ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ശ്രീ. റ്റി. ഓ. സൂരജ് ഐ.എ.എസ്സ്.നെ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ